## അഥർവ വേദ ഭൈഷജ്യ യജ്ഞത്തിൽ എന്തെല്ലാമാണ് ഉണ്ടാവുക ?

1. പ്രകൃതിയുടെയും ഔഷധികളുടെയും വീര്യത്തെ വർധിപ്പിക്കുന്നതിനുള്ള വേദമന്ത്രങ്ങളെക്കൊണ്ടുള്ള ഹോമം.
2. അഥർവ വേദത്തിൽ പറഞ്ഞിരിക്കുന്ന അതിവിശിഷ്ടമായ ഔഷധികളെക്കൊണ്ട് തയ്യാറാക്കിയ കഷായ സേവനം.
3. രോഗകാരണത്തെ ദൂരെയകറ്റുവാൻ ശക്തിയുള്ള ആയുർവേദ ഔഷധക്കൂട്ടുകളെക്കൊണ്ട്, ദേവതകളെ പ്രീതിപ്പെടുത്തുവാനുള്ള യജ്ഞം.
4. ശരീരം, മനസ്സ്, ബുദ്ധി ഇവയുടെ ഉണർവ്വിനും ഉത്സാഹത്തിനുമായി, ഋഷിമാർ കണ്ടെത്തിയ വേദമന്ത്രങ്ങളുടെ വിനിയോഗം.
5. വെള്ളം, വായു, ഭൂമി ഇവയെ പവിത്രീകരിക്കുന്നതിനുവേണ്ടി ചിട്ടപ്പെടുത്തിയ അപൂർവ അഗ്നിക്രിയയായ ഘർമ്മം (പ്രവർഗ്യം). 30 അടിയോളം അഗ്നിയുയരുന്നതിനാൽ ദൃശ്യപ്രധാനമായ ഈ ഘർമം 5 ദിവസങ്ങളിലും 3 തവണവീതം നടക്കും.
6. ഭക്തർക്കുവേണ്ടി വിശേഷമായുള്ള ഹോമപദ്ധതികൾ
7. അന്നദാനം

യജ്ഞത്തിന്റെ കൂടുതൽ വിവരങ്ങൾക്ക്ഓൺലൈൻ രജിസ്ടേഷൻ നിർബന്ധം.
യാഗശാലാ ക്യാമ്പസ്സിൽ തന്നെ താമസസ്ഥലം ലഭ്യമാകാനും, വഴിപാടുകൾ ഓൺലൈനായി ചെയ്യുവാനും, സ്റ്റാളുകൾ ലഭിക്കാനും വളണ്ടിയറാവാനും www.ahaliaheritagevillage.org വഴി ഓൺലൈൻ രജിസ്ട്രേഷൻ നിർബന്ധമാണ്.
കാർ പാർക്കിംഗ് സൗകര്യം ഉണ്ടായിരിയ്ക്കും.

## ഒരാൾക്കു എങ്ങനെ ഭൈഷജ്യ യജ്ഞത്തിൽ പങ്കാളിയാകാം ?

1. യജ്ഞഭൂമിയിൽ വ്രതനിഷ്ഠയോടെ വന്നിരുന്നു യജ്ഞദേവനെ ഉപാസിക്കാം.
2. പ്രാചീന യജ്ഞപദ്ധതിയെ അടുത്തുനിന്നു കണ്ടു മനസ്സിലാക്കാം.
3. ദേവ വൈദ്യന്മാരായ അശ്വിനീദേവതകളുടെ അനുഗ്രഹത്തിനായി വിശേഷഹോമങ്ങളിൽ പങ്കെടുക്കാം.
4. യജ്ഞദേവനെ പ്രദക്ഷിണം ചെയ്ത് ദക്ഷിണവെച്ചു പ്രാർത്ഥിച്ചു നമസ്ക്കരിക്കാം.
5. ദേവതാപ്രീതിക്കായി വിശേഷപ്പെട്ട വഴിപാടുകൾ നടത്താം.
6. അന്നദാനത്തിനു സംഭാവന നൽകി അന്നപൂർണേശ്വരിയുടെ അനുഗ്രഹം നേടാം.
7. യജ്ഞ ആചാര്യന്മാർക്ക് ആചാര്യ ദക്ഷിണ സമർപ്പിക്കാം.
8. ഭൈഷജ്യ യജ്ഞത്തിന് സൗകര്യങ്ങൾ ഒരുക്കാൻ വളണ്ടിയർമാരാകാം.
9. യജ്ഞമെന്ന ഈശ്വരീയ കാര്യത്തെ ലോകമൊട്ടുക്കും പ്രചരിപ്പിക്കാം.
10. വിദ്യാർത്ഥികൾക്ക് പഠന ഭയം/പരീക്ഷാ ഭയം അകറ്റുന്നതിനുവേണ്ടിയുള്ള ഹോമത്തിൽ പങ്കെടുക്കാം.

## ഭൈഷജ്യ യജ്ഞത്തോടനുബന്ധിച്ചു മറ്റു പരിപാടികൾ എന്തെല്ലാമാണ് ?

1. വൈദിക, ആയുർവ്വേദ എക്സിബിഷൻ, വിവിധ ഔഷധികളുടെ പ്രദർശനവും അവയുടെ ഉപയോഗവും മനസ്സിലാക്കാം.
2. പ്രമുഖ സന്യാസിശ്രേഷ്ഠന്മാരും ആചാര്യന്മാരും നയിക്കുന്ന ആധ്യാത്മിക പ്രഭാഷണങ്ങൾ.
3. വേദങ്ങളെക്കുറിച്ചുള്ള സെമിനാറുകൾ.
4. ഋഗ്വേദം, യജുർവേദം, സാമവേദം ഈ വേദങ്ങളുടെ അത്യപൂർവമായ പാരായണവിധികൾ മനസ്സിലാക്കുവാൻ ലക്ചർ ഡെമോൺസ്ട്രേഷൻ.
5. ഭാരതത്തിലെ പ്രമുഖരായ പുസ്തക പ്രസാധകരുടെ സംസ്കൃതത്തിലും മലയാളത്തിലുമുള്ള ആധ്യാത്മിക ഗ്രന്ഥങ്ങളുടെ എക്സിബിഷനും വില്പനയും. അപൂർവ ഗ്രന്ഥങ്ങൾ സ്വന്തമാക്കാൻ അവസരം.
6. ഒരു വീട്ടിലേക്ക് അത്യാവശ്യം വേണ്ട ഔഷധ സസ്യങ്ങളുടെ പ്രദർശനവും വില്പനയും.
7. പ്രമുഖ കലാകാരന്മാർ പങ്കെടുക്കുന്ന കലാ സാംസ്കാരിക സദസ്സുകൾ.



യജ്ഞത്തിലെ ഏറ്റവും ശ്രേഷ്ഠമായ വഴിപാട്

# നെയ്ക്കുടം സമർപ്പണം

**700/- രൂപ**

**Book Online:** www.ahaliaheritagevillage.org

കുടുംബത്തിലെ ഓരോ അംഗങ്ങളുടേയും സർവ്വദോഷ പരിഹാരത്തിനും, സകല ഐശ്വര്യത്തിനും വേണ്ടി നെയ്യ് നേരിട്ട് ഹോമകുണ്ഠത്തിലേക്ക് സമർപ്പിക്കുന്നതിനുള്ള അതിവിശിഷ്ടവും അത്യപൂർവ്വവുമായ അവസരം.

## യജ്ഞത്തിന് എത്തിച്ചേരാവുന്ന അഹല്യയുടെ ബസ്സ് സർവ്വീസുകൾ

**നെന്മാറയിൽ നിന്ന്**

രാവിലെ 9.00 മണിയ്ക്ക് നെന്മാറ ബസ്സ്റ്റാന്റിൽ നിന്ന് പുറപ്പെട്ട് കൊല്ലങ്കോട്, പുതുനഗരം, ചിറ്റൂർ, കൊഴിഞ്ഞാമ്പാറ, മേനോൻപാറ വഴി രാവിലെ 10.15ന് അഹല്യ ക്യാമ്പസ്സിൽ എത്തിച്ചേരുന്നു. അഹല്യയിൽ നിന്ന് ഉച്ചക്ക് 3.00 മണിക്ക് വന്ന റൂട്ടിൽക്കൂടി തന്നെ നെന്മാറയിലേക്ക് തിരിച്ചു പോകുന്നു.

**മുണ്ടൂരിൽ നിന്ന്**

രാവിലെ 7.30ന് മുണ്ടൂർ ബസ്സ്റ്റാന്റിൽ നിന്നും പുറപ്പെടുന്ന ബസ്സ് ഒലവക്കോട് വഴി 8.00 മണിക്ക് പാലക്കാട് ടൗൺ ബസ്സ്റ്റാന്റ് പരിസരത്തുള്ള മംഗളം ടവർ വഴി സ്റ്റേഡിയം, മൈതാനം, കഞ്ചിക്കോട് വഴി രാവിലെ 9.10 ന് അഹല്യ ക്യാമ്പസ്സിൽ എത്തിച്ചേരുന്നു. ഉച്ചക്ക് 2.30 മണിക്ക് വന്ന റൂട്ടിൽക്കൂടി തന്നെ മുണ്ടൂരിലേക്ക് തിരിച്ചു പോകുന്നു.

ബസ്സ്റൂട്ട് സംബന്ധിച്ചുള്ള സംശയങ്ങൾക്ക് വിളിക്കുക: 9048245403

മല്ലീശ്വരമുടി പൂജാരിയും ആദിവാസി സമൂഹത്തിന്റെ മണ്ണൂക്കരക്കാരനുമായ **രാജു അമ്പണ്ണൂരിനെ** യാഗവേദിയിൽ പ്രത്യേകം ആദരിയ്ക്കുന്നു



അഹല്യ പബ്ലിക്കേഷൻസിനു വേണ്ടി വയലി തയ്യാറാക്കിയ **'മഴോത്സവം - മഴ മണ്ണിനോട്'** എന്ന പുസ്തകം യാഗവേദിയിൽ പ്രകാശനം ചെയ്യും.

യജ്ഞം അനുഗ്രഹപീഠം
**തെക്കേമഠം മൂപ്പിൽ സ്വാമിയാർ**

യജ്ഞാചാര്യൻ
**വേദമൂർത്തി ബ്രഹ്മശ്രീ ശ്രീധർ അടി**

യജ്ഞം യജമാനൻ
**ശ്രീ. വി.എസ്. രാംസിംഗ്**

കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക സ്ഥാപനം

# അഹല്യ ഹെറിറ്റേജ് വില്ലേജ്

## അഹല്യ ക്യാമ്പസ്, കോഴിപ്പാറ, പാലക്കാട്

*സഹ്യന്റെ മടിത്തട്ടിൽ പ്രകൃതി പച്ചവിരിച്ച് നിൽക്കുന്ന അതിവിശാലമായ ഭൂമികയിൽ പാരമ്പര്യവും കലയും, സംസ്കാരവും, വിജ്ഞാനവും, കൈകോർക്കുന്ന അപൂർവ്വത... ജീവിതത്തിൽ ഒരിക്കലെങ്കിലും സന്ദർശിക്കേണ്ട വിസ്മയം. ഇതാ തൊട്ടടുത്ത്..*

- ഇന്ത്യയിലെ ഏറ്റവും വലിയ കളിമൺ ശിൽപശേഖരം
- ഇന്ത്യയിലെ ഏറ്റവും വലിയ സംഗീതോപകരണ ശേഖരം
- കേരളത്തിലെ ഏറ്റവും വലിയ ചുമർച്ചിത്ര ഗാലറി
- കേരളത്തിലെ ഏറ്റവും വലിയ കാരിക്കേച്ചർ ഗ്യാലറി
- ഇന്ത്യയിലെ ഏറ്റവും വലിയ കരിങ്കൽ ശിൽപ സമുച്ചയം
- വിവിധ ഇന്ത്യൻ സംസ്ഥാനങ്ങളിലെ ചുമർച്ചിത്ര കലകളുടെ ഗ്യാലറി
- കൂത്തമ്പലം, നവഗ്രഹത്തൂണുകൾ, അറിവുപുര, ജ്ഞാനസ്തംഭം
- ഭക്ഷണം, ഡോർമിറ്ററി ഉൾപ്പെടെ വിവിധ നിലവാരത്തിലുള്ള താമസ സൗകര്യങ്ങൾ
- സിനിമ, സീരിയൽ, വിവാഹം എന്നിവയുടെ ചിത്രീകരണത്തിനുള്ള സൗകര്യങ്ങൾ
- ആയുർവ്വേദ ഔഷധത്തോട്ടം, വൈദ്യുതോൽപാദന കാറ്റാടികൾ
- മനോഹരമായ ജലാശയങ്ങൾ
- സോളാർ വൈദ്യുതിപ്പാടം
- പുരാവസ്തുശേഖരം
- കരകൗശല വസ്തുക്കൾ
- ഉന്ത്യയിലെ ഏറ്റവും വലിയ മെഡിക്കൽ ടൂറിസം സെന്റർ.

FOLLOW US ON YOUTUBE
SCAN THIS QR CODE

For Details and Video
www.ahaliaheritagevillage.org
+91 9446009915, +91 8921825733
https://m.facebook.com/ahaliaheritagevillage +91 9446009915

॥त्वं अगदः चरः॥
രോഗവിമുക്തരായി മുന്നേറൂ..

കേരളത്തിലെ ഏറ്റവും വലിയ മഹായാഗം

2021 ഏപ്രിൽ 17-21
യജ്ഞവേദി:
അഹല്യ ഹെറിറ്റേജ് വില്ലേജ്
അഹല്യ ക്യാമ്പസ്സ്
പാലക്കാട്

# അഥർവ്വ വേദ ഭൈഷജ്യ യജ്ഞം

## യജ്ഞവേദി: അഹല്യ ഹെറിറ്റേജ് വില്ലേജ്, അഹല്യ കാമ്പസ്, പാലക്കാട്



2017 ഏപ്രിൽ 17ന് രാവിലെ 11.00 മണിക്ക് കൂത്തമ്പലത്തിൽ വച്ച് ആദരണീയനായ കേരളാ ഗവർണർ **ഡോ. ആരിഫ് മുഹമ്മദ്ഖാൻ** അവർകൾ പൂജനീയ അദൃശ്യ കാഡ്സിദ്ധേശ്വര (ശ്രീക്ഷേത്ര സിദ്ധഗിരി മഠം, കോലാപൂർ മഹാരാഷ്ട്ര) സ്വാമികളുടെ സാന്നിദ്ധ്യത്തിൽ ഉത്ഘാടനം നിർവഹിക്കുന്നു.
2017 ഏപ്രിൽ 20 ന് പ്രഥമ **'അഹല്യ സാമൂഹ്യരത്ന പുരസ്കാരം'** ആദരണീയനായ മിസ്സോറം ഗവർണർ **അഡ്വ. ശ്രീധരൻ പിള്ള** അവർകൾക്ക് സമർപ്പിക്കുന്നു.

atharva veda bhaishajya yajnam
2021 April 17-21, Ahalia Campus, Palakkad
RADHAYATHRA

2021 ഏപ്രിൽ 13 - 16 യജ്ഞസന്ദേശ പ്രചരണവുമായി പാലക്കാട് ജില്ലയിലുടനീളം പ്രയാണം നടത്തുന്ന
**യജ്ഞ മഹാരഥയാത്ര**
16ന് വൈകീട്ട് 5 മണിക്ക്
അഹല്യ ഹെറിറ്റേജ് വില്ലേജിൽ സംഗമിക്കുന്നു.

വിശദവിവരങ്ങൾക്ക് **9446009915** നമ്പറിലേക്ക് **'AVBY'** എന്ന് വാട്സ്ആപ്പ് സന്ദേശമയക്കൂ..



രോഗകാരണങ്ങളെ ദൂരെയകറ്റുക എന്ന സങ്കല്പത്തെ മുൻ നിർത്തി, കേരളത്തിൽ ഇതാദ്യമായി പഞ്ചദിവസീയ അഥർവ്വ വേദ ഭൈഷജ്യ യജ്ഞം നടക്കുന്നു. ഏപ്രിൽ 16ന് വൈകീട്ട് 5 മണിയ്ക്ക് യാഗഭൂമിയിൽ മഹാരഥയാത്രാ സംഗമവും 2017 ഏപ്രിൽ 17ന് രാവിലെ 11.00 മണിക്ക് കൂത്തമ്പലത്തിൽ വച്ച് **ആദരണീയനായ കേരളാ ഗവർണർ ഡോ. ആരിഫ് മുഹമ്മദ്ഖാൻ പൂജനീയ അദൃശ്യ കാഡ്സിദ്ധേശ്വര** (ശ്രീക്ഷേത്ര സിദ്ധഗിരി മഠം, കോലാപൂർ മഹാരാഷ്ട്ര) സ്വാമികളുടെ സാന്നിദ്ധ്യത്തിൽ ഉത്ഘാടന കർമ്മവും നിർവഹിക്കുന്നു. 17 മുതൽ 21 വരെ നീളുന്ന യജ്ഞത്തിന് സമാപനം കുറിച്ചുകൊണ്ട് 21ന് പകൽ 12 മണിയോടെ യജ്ഞശാല അഗ്നിക്കു സമർപ്പിക്കും.

കേരളത്തിലെ ഏറ്റവും വലിയ ക്യാമ്പസ്സായ പാലക്കാട് അഹല്യ ക്യാമ്പസ്സിൽ വെച്ചാണ് അത്യപൂർവ്വവും അതിവിശിഷ്ടവുമായ അഥർവ്വ വേദ ഭൈഷജ്യ യജ്ഞം നടക്കുന്നത്. ഭാരതത്തെ ലോക ഗുരുവാക്കി മാറ്റിയ അമൂല്യ നിധിയാണ് വേദങ്ങൾ. ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വ വേദം എന്നീ ചതുർവേദങ്ങൾ ഈശ്വരന്റെ നിശ്വാസമാണ് എന്നും ഈശ്വര വാണിയാണ് എന്നും ഋഷീശ്വരന്മാർ പറയുന്നു. ഈശ്വരീയ ജ്ഞാനമാണ് വേദവാണി എന്ന് വേദ വ്യാസ ഋഷി മുതൽ ആദി ശങ്കരാചാര്യർ വരെയുള്ള അവതാര പുരുഷന്മാരും അഭിപ്രായപ്പെടുന്നു. എല്ലാ അറിവുകളുടെയും അടിസ്ഥാനം വേദവാണിയാണ് - ഇതാണ് ആർഷ ഭാരതീയ വീക്ഷണം.

നാലുവേദങ്ങളിലും വെച്ച് സംരക്ഷണ പ്രധാനമായ വേദം അഥർവ്വ വേദമാണ്. പ്രകൃതി സംരക്ഷണം, കൃഷി സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, രാഷ്ട്ര സംരക്ഷണം, ശാരീരിക മാനസിക രോഗങ്ങളിൽ നിന്നുമുള്ള സംരക്ഷണം എന്നിങ്ങനെ വിപുലമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ശാസ്ത്രമാണ് അഥർവ്വ വേദം. നമ്മുടെ നിത്യ ജീവിതത്തിന്റെ ഭാഗമായ ആയുർവേദ ശാസ്ത്രം പിറവിയെടുത്തത് അഥർവ്വ വേദത്തിൽനിന്നുമാണ്. അഥർവ വേദത്തിൽ നൂറുകണക്കിന് അപൂർവ ഔഷധികളെക്കുറിച്ചും അവയുടെ പ്രയോഗത്തെക്കുറിച്ചും പറയുന്നുണ്ട്. അഥർവ വേദത്തിൽ പറഞ്ഞിട്ടുള്ള ഔഷധവിജ്ഞാനീയത്തെ മന്ത്രങ്ങളുടെ അകമ്പടിയോടെ ദേവതാപ്രീതിക്കായി ഹോമിക്കുന്ന പ്രാചീന പദ്ധതി സഹസ്രാബ്ദങ്ങളായി ഭാരതത്തിൽ നിലനിന്നിരുന്നു. ഔഷധങ്ങളുടേയും പ്രകൃതിയുടേയും മനുഷ്യരുടേയും പ്രതിരോധ ശക്തി അഥവാ ഓജസ് ക്ഷയിക്കുമ്പോൾ ശാരീരിക മാനസിക രോഗങ്ങൾ കടന്നുകയറുകയും പ്രകൃതിയുടെ സന്തുലനം നഷ്ടപ്പെടുകയും ചെയ്യും.

ഈവക രോഗകാരണങ്ങളെ ദുരീകരിക്കുന്നതിനു വേണ്ടി അഥർവവേദത്തിൽ പരാമൃഷ്ടമായ ഔഷധങ്ങളെ വിനിയോഗിക്കുകയാണ് അഥർവവേദ ഭൈഷജ്യ യജ്ഞത്തിൽ ചെയ്യുന്നത്. അതിനായി അപൂർവ ഔഷധ യോഗങ്ങളെ ദേവതാ പ്രീതിക്കായി അഗ്നിയിൽ ഹോമിക്കുന്ന പ്രാചീന പദ്ധതിയാണ് ഭൈഷജ്യ യജ്ഞം. രോഗങ്ങളിൽ നിന്നുമുള്ള ഭയത്തെ ഭേഷം എന്ന് പറയും, രോഗഭയത്തെ ജയിക്കുന്നതാണ് ഭേഷജം അഥവാ ഭൈഷജ്യം. അതിനുവേണ്ടിയാണ് മന്ത്രങ്ങളിലെ ഔഷധിയായ അഥർവ വേദ മന്ത്രങ്ങളെക്കൊണ്ട് ഭൈഷജ്യ യജ്ഞം ചെയ്യുന്നത്.

ഇനിയൊരവസരം ലഭിക്കാത്ത അത്ര സൗഭാഗ്യമായി ഈ തലമുറക്ക് സർവ്വേശ്വരൻ കനിഞ്ഞനുഗ്രഹിച്ചതും കേരളത്തിലെ ഏറ്റവും വലിയ സാംസ്കാരിക കേന്ദ്രമായ അഹല്യ ഹെറിറ്റേജ് വില്ലേജിൽ നടക്കുന്നതുമായ ഈ പുണ്യ മഹായജ്ഞത്തിലേക്ക് ഏവരേയും സകുടുംബം സാദരം ക്ഷണിക്കുന്നു. പ്രാർഥിക്കുക, പങ്കെടുക്കുക, പ്രചരിപ്പിക്കുക, സേവനം ചെയ്യുക, തന മന ധനങ്ങൾ സമർപ്പിക്കുക. സർവോപരി ആവുന്നത്ര ലോകജനതക്ക് ഈ മഹായാഗം നേരിൽക്കാണുവാൻ അവസരമുണ്ടാക്കുക.

**ശ്രീ. വി.എസ്.രാംസിംങ്**
യജമാനൻ

**ഡോ. ആർ.വി.കെ. വർമ്മ**
യജ്ഞസമിതി ചെയർമാൻ

+91 9446009915, +91 8921825733
www.ahaliaheritagevillage.com

## 2021 ഏപ്രിൽ 13-16
## പരിപാടി ക്രമം

**ഏപ്രിൽ 13**
രാവിലെ 9.30ന് : തൃത്താല യജ്ഞശ്വരം ക്ഷേത്രത്തിൽ നിന്നും രഥയാത്രാ പ്രയാണം ആരംഭിക്കുന്നു.

**ഏപ്രിൽ 14, 15,16**
ഷെഡ്യൂളുകൾ അനുസരിച്ച് 4 വ്യത്യസ്ത രഥയാത്രകൾ പാലക്കാട് മുഴുവൻ ചുറ്റി സഞ്ചരിക്കുന്നു.
ഏപ്രിൽ 16 വൈകീട്ട് 5മണിക്ക് അഹല്യ ഹെറിറ്റേജ് വില്ലേജിൽ സംഗമിക്കുന്ന മഹാരഥയാത്രകളെ താലപ്പൊലി, പഞ്ചവാദ്യം എന്നിവയോടെ യജ്ഞദേശത്തെ വിശ്വകർമ്മജർ ചേർന്നു സ്വീകരിക്കുന്നു. തുടർന്ന് വിശ്വകർമ്മജരേയും രഥയാത്രാ സംയോജകരേയും യജ്ഞാചാര്യൻ **വേദമൂർത്തി ബ്രഹ്മശ്രീ ശ്രീധർ അടികൾ** ഉപഹാരം നൽകി ആദരിയ്ക്കുന്നു.

**ഏപ്രിൽ 16 വൈകീട്ട് 7.00 മണിക്ക്**
**'അഥർവ്വവേദ ഭൈഷജ്യ യജ്ഞം'** ഹാന്റ് ബുക്ക് പ്രകാശനം.
രചന : **ശ്രീ. ആചാര്യ അരുൺ പ്രഭാകർ**, ഗായത്രീ ഗുരുകുലം
പ്രകാശനം : **ശ്രീ. വി.കെ. ശ്രീകണ്ഠൻ എം.പി.**
ഏറ്റുവാങ്ങുന്നതും മുഖ്യ പ്രഭാഷണവും: **ഡോ. കെ. അബ്ദുൾ ഖനി** (ഇന്ത്യയുടെ ഹരിത മനുഷ്യൻ)
മുഖ്യ സാന്നിധ്യം: **സന്ദീപ് വാചസ്പതി**

## 2021 ഏപ്രിൽ 17

**യജ്ഞവേദിയിൽ**
രാവിലെ 6.00 മുതൽ 12.00 വരെ : **യജ്ഞം ആരംഭം.**
ഉച്ചക്ക് 3.30 മുതൽ 6.30 വരെ : യജ്ഞ ആചാരങ്ങൾ
(ശാലാപ്രവേശം, ഗ്രാമദേവതാ അഭിവന്ദനം, ക്ഷേത്രപാല പൂജ, കുലദേവതാ പൂജ, മഹാസങ്കല്പം, പുണ്യാഹവാചനം, ഋത്വിഗ്വരണം, മധുപർക്കം, വസ്ത്രം , പാത്രം ദാനം, കലശസ്ഥാപനം , കലശപൂജനം, അഗ്നിമന്ഥനം, യജ്ഞകുണ്ഡ സംസ്കരണം, അഗ്നിപ്രണയനം, പുനഃ സങ്കൽപം, ഹോമാരംഭം.)

**സെമിനാർ ഹാളിൽ (കൂത്തമ്പലം)**
രാവിലെ 11.00 മണിക്ക് : 2017 ഏപ്രിൽ 17ന് രാവിലെ 11.00 മണിക്ക് കൂത്തമ്പലത്തിൽ വച്ച് ആദരണീയനായ **കേരളാ ഗവർണർ ഡോ. ആരിഫ് മുഹമ്മദ്ഖാൻ** അവർകൾ പൂജനീയ അദൃശ്യ കാഡ്സിദ്ധേശ്വര (ശ്രീക്ഷേത്ര സിദ്ധഗിരി മഠം, കോലാപൂർ മഹാരാഷ്ട്ര) സ്വാമികളുടെ സാന്നിദ്ധ്യത്തിൽ ഉത്ഘാടന കർമ്മം നിർവഹിക്കുന്നു.
ഭിന്നശേഷി കർഷകനായ ശ്രീ. അരുൺ കാരാട്ടിനും യജ്ഞാചാര്യൻ വേദമൂർത്തി ബ്രഹ്മശ്രീ ശ്രീധർ അഡികൾക്കും ആദരം.
ദേശീയ സെമിനാർ: '**ആഥർവിണി 2021**' (ഒന്നാം ദിനം)

**അന്നദാനമണ്ഡപത്തിൽ**
ഉച്ചക്ക് 12.30 മുതൽ 2.30 വരെ : അന്നദാനം

**പ്രധാന വേദിയായ 'ദൈവവ്യപാശ്രയ'ത്തിൽ**

| | |
|---|---|
| വൈകീട്ട് 4.00 മുതൽ 5.00 വരെ | : **'കേരളവാദ്യം ഫ്യൂഷൻ'**, മണികണ്ഠൻ പെരിങ്ങോടും സംഘവും. |
| 5.00 മുതൽ 5.15 വരെ | : **'അഹല്യാ ഗീതം' പ്രകാശനം.** |
| 5.05 മുതൽ 6.00 വരെ | : **'പഞ്ചഗവ്യ സംസ്കാരം'. അവതരണം: ശ്രീ. രാധാകൃഷ്ണൻ** |
| വൈകീട്ട് 7.00 മുതൽ 8.00 വരെ | : മുഖ്യ പ്രഭാഷണം: **പൂജനീയ സ്വാമി അദൃശ്യ കാഡ്സിദ്ധേശ്വര**, കോലാപൂർ (ശ്രീക്ഷേത്ര സിദ്ധഗിരി മഠം, കോലാപൂർ, മഹാരാഷ്ട്ര) |



## 2021 ഏപ്രിൽ 18

**യജ്ഞവേദിയിൽ**
രാവിലെ 6.00 മുതൽ 12.00 വരെ : യജ്ഞ ആചാരങ്ങൾ
ഉച്ചക്ക് 3.30 മുതൽ 6.30 വരെ : യജ്ഞ ആചാരങ്ങൾ

**സെമിനാർ ഹാളിൽ (കൂത്തമ്പലം)**
രാവിലെ 10.00 മുതൽ 12.00 വരെ : ദേശീയ സെമിനാർ: '**ആഥർവിണി 2021**' (രണ്ടാം ദിനം)

**അന്നദാനമണ്ഡപത്തിൽ**
ഉച്ചക്ക് 12.30 മുതൽ 2.30 വരെ : അന്നദാനം

**ദൈവവ്യപാശ്രയത്തിൽ**
വൈകീട്ട് 6.00 മുതൽ 7.00 വരെ : സംവാദം
**'സനാതന ദർശനത്തിലെ പുതിയ കേരളവും ഇന്ത്യയും'**
**ഉത്ഘാടനം** : **വി. മുരളീധരൻ** (കേന്ദ്ര വിദേശകാര്യ സഹമന്ത്രി)
**മുഖ്യാതിഥികൾ** : **ശ്രീജിത്ത് പണിക്കർ, മുരളീധരൻ ഉണ്ണിത്താൻ, അനിൽ നമ്പ്യാർ കൈതപ്രം ദാമോദരൻ നമ്പൂതിരി.**

വൈകീട്ട് 7.00 മുതൽ 8.00 വരെ : അനുഗ്രഹഭാഷണം
**സംപൂജ്യ കൊളത്തൂർ ചിദാനന്ദപുരി സ്വാമികൾ**



## 2021 ഏപ്രിൽ 19

**യജ്ഞവേദിയിൽ**
രാവിലെ 6.00 മുതൽ 12.00 വരെ : യജ്ഞ ആചാരങ്ങൾ
ഉച്ചക്ക് 3.30 മുതൽ 6.30 വരെ : യജ്ഞ ആചാരങ്ങൾ

**സെമിനാർ ഹാളിൽ (കൂത്തമ്പലം)**
രാവിലെ 10.00 മുതൽ 12.00 വരെ : ദേശീയ സെമിനാർ: '**ആഥർവിണി 2021**' ( മൂന്നാം ദിനം)

**അന്നദാനമണ്ഡപത്തിൽ**
ഉച്ചക്ക് 12.30 മുതൽ 2.30 വരെ : അന്നദാനം

**ദൈവവ്യപാശ്രയത്തിൽ**
വൈകീട്ട് 6.00 മുതൽ 6.30 വരെ : യോഗാചാര്യൻ **വേൽമുരുകനും സംഘവും** (ഋഷീസ് യോഗ) അവതരിപ്പിക്കുന്ന '**യോഗ ഡാൻസ്**' പ്രദർശനം.
മുഖ്യാതിഥികൾ : **എ.ജയകുമാർ, മട്ടന്നൂർ ശങ്കരൻകുട്ടി, സന്ദീപ് ജി. വാര്യർ.**
വൈകീട്ട് 7.00 മുതൽ 8.00 വരെ : അനുഗ്രഹഭാഷണം
**സംപൂജ്യ സ്വാമി ഉദിത് ചൈതന്യ**



## 2021 ഏപ്രിൽ 20

**യജ്ഞവേദിയിൽ**
രാവിലെ 6.00 മുതൽ 12.00 വരെ : യജ്ഞ ആചാരങ്ങൾ
ഉച്ചക്ക് 3.30 മുതൽ 6.30 വരെ : യജ്ഞ ആചാരങ്ങൾ

**സെമിനാർ ഹാളിൽ (കൂത്തമ്പലം)**
രാവിലെ 10.00 മുതൽ 12.00 വരെ : ദേശീയ സെമിനാർ: '**ആഥർവിണി 2021**' ( നാലാം ദിനം)
ഉച്ചക്ക് 12.30 മുതൽ 2.30 വരെ : അന്നദാനം

**ദൈവവ്യപാശ്രയത്തിൽ**
വൈകീട്ട് 6.00 മുതൽ 7.00 വരെ : സംവാദം
**'സനാതന ദർശനത്തിലെ പുതിയ കേരളവും ഇന്ത്യയും'**
**ഡോ : കെ.കെ. മുഹമ്മദ്, ആചാര്യ അരുൺ പ്രഭാകർ**
**മുഖ്യാതിഥികൾ** : **ഡോ. മധു(കേസരി), പത്മശ്രീ രാമചന്ദ്ര പുലവർ**

**പ്രഥമ 'അഹല്യ സാമൂഹ്യരത്ന പുരസ്കാരം'**
**ആരാധ്യനായ മിസോറാം ഗവർണർ അഡ്വ: സർവശ്രീ പി.എസ്.ശ്രീധരൻപിള്ള** ഏറ്റുവാങ്ങുന്നു.

വൈകീട്ട് 7.00 മുതൽ 8.00 വരെ : അനുഗ്രഹ ഭാഷണം
**സംപൂജ്യ സ്വാമി വിവിക്താനന്ദ**, ചിന്മയ മിഷൻ കേരള



## 2021 ഏപ്രിൽ 21

**യജ്ഞവേദിയിൽ**
രാവിലെ 6.00 മുതൽ 12.00 വരെ : യജ്ഞം ആരംഭം.

**സെമിനാർ ഹാളിൽ (കൂത്തമ്പലം)**
രാവിലെ 10.00 മുതൽ 12.00 വരെ : ദേശീയ സെമിനാർ: '**ആഥർവിണി 2021**' (അഞ്ചാം ദിനം)
മുഖ്യാതിഥി : **ശ്രീ. ഷാഫി പറമ്പിൽ** എം.എൽ.എ

**12.00 മണിയ്ക്ക് യാഗശാല അഗ്നിക്ക് സമർപ്പിക്കുന്നു.**

**തുടർന്ന് അന്നദാനം**
– യജ്ഞം സമാപനം –

